(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*438) അബ്കാരി അവലോകന സമിതികൾ

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതലത്തിൽ അബ്കാരി അവലോകന സമിതികൾ പ്രവർത്തി ക്കുന്നുണ്ടോ:

(ബി) എങ്കിൽ ഇവയുടെ ഘടനയെ വ്യക്തമാക്കുമോ:

(സി) ഇവയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാം ആണെന്നും പ്രവർത്തനംമൂലമുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നും വെളി പ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ജില്ലാതല കമ്മിറ്റിയിൽ ജില്ലാ കളക്ടർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ജില്ലാ പോലീസ് സൂപ്രണ്ട്, ആ ജില്ലയിലുള്ള എം.പി.മാർ, എം. എൽ.എമാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ/മേയർ നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയപാർട്ടികളുടെ നോമിനികൾ എന്നി വർ അംഗങ്ങളാണ്. ഈ കമ്മിറ്റിയുടെ കൺവീനർ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറാണ്.

(സി) ചാരായനിരോധനം ഫലപ്രദമായി നടപ്പിലാക്കുവാനും, വ്യാജ വ്യാപാരം ഇല്ലായ്മ ചെയ്യുവാനും അവയെക്കുറിച്ച് അവലോകനം നടത്തു വാനും ഈ കമ്മിറ്റിക്ക് ചുമതലയുണ്ട്. ജനപ്രതിനിധികൾ ഉൾപ്പെട്ട ഈ കമ്മിറ്റിയിൽ ഓരോ പ്രദേശത്തിലേക്കും വ്യാജചാരായ ഉല്പാദനം, വിതരണം, എന്നിവയെക്കുറിച്ചും അവലോകനം ചെയ്യുവാനും അവയ്ക്കെതിരെ തക്ക തായ നടപടികൾ എടുക്കുവാനും കമ്മിറ്റിക്ക് ശുപാർശ ചെയ്യാവുന്നതാണ്. ഇപ്രകാരം ജനകീയ പങ്കാളിത്തത്തോടുകൂടി ചാരായ നിരോധനം ഏറെക്കുറെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

6 (*439) പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമി ഏറ്റെടുക്കൽ

ശ്രീ. പി. വിശ്വൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ . താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly